(സി) പീരുമേട് താലൂക്കിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടി 1993 റൂൾ പ്രകാരം 663 അപേക്ഷകളും 1964 റൂൾ പ്രകാരം 6,792 അപേക്ഷകളും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 3,547 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

മലപ്പുറം കോട്ടപ്പടി ബൈപ്പാസ്, ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് എന്നീ പദ്ധതികളുടെ സ്ഥലമെടുപ്പ്

156(3078) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ്, ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും, നഷ്ടപരിഹാരത്തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട ഭൂമിയുടെ കരട് പ്രഖ്യാപനം ലാന്റ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശാരിക്കടവ് പാലം അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പിന് 1-9-2014-ലെ ജി.ഒ.(ആർ‌റ്റി.) നമ്പർ 4267/14/റവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദ വിലവിവര പട്ടിക തയ്യാറാക്കിവരുകയാണ്.

(ബി) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് കേസിൽ കരട് പ്രഖ്യാപനം അംഗീകരിച്ച് പൊന്നുംവില നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിലും ആശാരിപ്പടി-തലപ്പാവ് കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് കേസിൽ ഫണ്ട് ലഭ്യമാക്കി 6 മാസത്തിനുള്ളിലും നഷ്ടപരിഹാരത്തുക നൽകി നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly